# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 2703

17.10.2016-ൽ മറുപടിയ്ക്ക്

## വിവാഹ മോചനകേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ വിവാഹ മോചനകേസുകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കൊല്ലം ജില്ലയിൽ 2015 ജനുവരി മുതൽ 2016 ജൂൺ 31 വരെയുള്ള കാലത്ത് വിവാഹമോചനം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ ; വിവാഹമോചനം അനുവദിച്ച കേസുകൾ എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) | കൊല്ലം ജില്ലയിൽ വിവാഹമോചനം ആവശ്യപ്പെട്ട് 3,417 അപേക്ഷകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്യുകയും ഇതിൽ 1,567 കേസുകളിൽ വിവാഹമോചനം അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വിവാഹ മോചനകേസുകൾ നിയന്ത്രിക്കുന്നതിന് ദൃഢമായ കുടുംബബന്ധം നിലനിർത്തുന്നതിനും വേണ്ടി സമഗ്ര കൗൺസിലിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് നടപടി സ്വീകരിക്കുമോ ? | (സി) | കുടുംബകോടതി ആക്ട് , 1984 -ലെ സെക്ഷൻ 9 പ്രകാരം കുടുംബകോടതികൾ കൗൺസിലിംഗ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ Family Court (Kerala) Rules, 1989, Family Court (Procedure) Rules , 1989 and the Family Court (Kerala) Additional Rules, 1990 പ്രകാരം കൗൺസിലിംഗ് നടത്തുകയും അനുരഞ്ജന ശ്രമങ്ങളിലൂടെ വിവാഹമോചന കേസ് തീർപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി കുടുംബകോടതികളിലെ കൗൺസിലിംഗ് സെന്ററുകളിൽ പ്രിൻസിപ്പൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, ദിവസ വേതനാടിസ്ഥാനത്തിൽ ഇവിടെ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ